**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **13-10-2021 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽജീവൻ പദ്ധതി പ്രകാരം ആകെ എത്ര ഗ്രാമീണ കുടുംബങ്ങൾക്ക് പുതിയ പൈപ്പ് കണക്ഷൻ നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; ഈ വർഷം എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകാനുള്ള ലക്ഷ്യം നിറവേറ്റാനാണ് നിശ്ചയിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് 70,68,682 ഗ്രാമീണ ഭവനങ്ങൾ ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്. 06.10.2021 ലെ കണക്കനുസരിച്ച് 25,10,010 വീടുകൾക്ക് നിലവിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി 2024 ഓടെ 45,58,672 കുടിവെള്ള കണക്ഷനുകൾ കൂടി നൽകേണ്ടി വരും. 2021-22 ൽ 29,37,564 കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടുള്ളത്. |
| (ബി) | പദ്ധതി നിർവ്വഹണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ; ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും പദ്ധതിയുടെ പുരോഗതി മനസ്സിലാക്കാൻ കഴിയും വിധം പ്രതിവാര അവലോകനം നടത്തി വിവരം വെബ്സൈറ്റിൽ നൽകിവരുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലം മുതൽ ഗ്രാമതലം വരെ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും (SWSM), ജില്ലാതലത്തിൽ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും (DWSM), പഞ്ചായത്ത് തലത്തിൽ വില്ലജ് വാട്ടർ ആൻഡ് സനിറ്റേഷൻ കമ്മിറ്റിയും (VWSC) നിലവിലുണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറാണ് പദ്ധതിയുടെ മിഷൻ ഡയറക്ടർ. ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഗ്രാമ തലത്തിൽ ബന്ധപ്പെട്ട തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെയും അംഗീകാരത്തോടെ സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിങ് കമ്മിറ്റി (SLSSC) യുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു. SLSSC അനുമതി നൽകുന്ന പദ്ധതികൾ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അംഗീകരിച്ച് ഭരണാനുമതി നൽകുന്നു. സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിക്ക് പുറമെ ജലനിധി, ഭൂജല വകുപ്പ് |

| | | | |
|---|---|---|---|
| | | | എന്നിവയും പദ്ധതി നിർവഹണത്തിൽ സഹകരിക്കുന്നുണ്ട്. ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിൽ തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായി ക്കുന്നതിനായി നിർവഹണ സഹായ ഏജൻസികളെ തെരെഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി സ്വതന്ത്ര എജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട് (Third Party Agency). ഇപ്രകാരം പദ്ധതി നിർവഹണത്തിനായി വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മുൻഗണനാ പദ്ധതികളിൽ ഉൾപ്പെട്ട ജലജീവൻ പദ്ധതിയുടെ പ്രവർത്തനപുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി കേന്ദ്ര സർക്കാരിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയുടെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ